Kerala Gazette No. 34 dated 21st August 2018.

**PART I** **Section iii**

# കേരള സർക്കാർ

## നിയമ (നിയമനിർമ്മാണ-എ) വകുപ്പ്

## വിജ്ഞാപനം

2018 ജൂലൈ 6

നമ്പർ 25352/ലെഗ്. എ1/2017/നിയമം. തിരുവനന്തപുരം, 1193 മിഥുനം 22

1940 ആഷാഢം 15.

കേരള സംസ്ഥാന നിയമസഭയുടെ താഴെ പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2018 ജൂലൈ 6-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
നിയമ സെക്രട്ടറി.

**2018-ലെ 25-ാം ആക്റ്റ്**

# 2018-ലെ അബ്കാരി (ഭേദഗതി) ആക്റ്റ്

## 1077-ലെ അബ്കാരി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ആക്റ്റ്

പീഠിക.—1077-ലെ അബ്കാരി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ അബ്കാരി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 ഡിസംബർ 21-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 15എ വകുപ്പിന്റെ ഭേദഗതി.—1077-ലെ അബ്കാരി ആക്റ്റിന്റെ (1077-ലെ 1) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 15 എ വകുപ്പിൽ,—

(എ) മാർജിനൽ ശീർഷകത്തിൽ "21" എന്ന അക്കങ്ങൾക്ക് പകരം "23" എന്ന അക്കങ്ങൾ ചേർക്കേണ്ടതാണ് ;

(ബി) വകുപ്പിൽ, "21" എന്ന അക്കങ്ങൾക്ക് പകരം "23" എന്ന അക്കങ്ങൾ ചേർക്കേണ്ടതാണ്.

3. 15ബി വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 15 ബി വകുപ്പിൽ,—

(എ) മാർജിനൽ ശീർഷകത്തിൽ "21" എന്ന അക്കങ്ങൾക്ക് പകരം "23" എന്ന അക്കങ്ങൾ ചേർക്കേണ്ടതാണ്;

(ബി) വകുപ്പിൽ, "ഇരുപത്തിയൊന്ന്" എന്ന വാക്കിനു പകരം "ഇരുപത്തിമൂന്ന്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

4. 57-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 57-ാം വകുപ്പിൽ,—

(എ) (എ) ഖണ്ഡത്തിൽ, "ഏതെങ്കിലും ചേരുവയോ" എന്ന വാക്കുകൾക്കു പകരം "സ്റ്റാർച്ച് ഒഴികെയുള്ള ഏതെങ്കിലും ചേരുവയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (എ) ഖണ്ഡത്തിന് ശേഷം, താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എഎ) അയാൾ വിൽക്കുകയോ ഉൽപ്പാദിപ്പിക്കുകയോ ചെയ്യുന്ന മദ്യത്തിൽ സ്റ്റാർച്ച് കൂട്ടിക്കലർത്തുകയോ കൂട്ടിക്കലർത്തുന്നതിന് അനുവദിക്കുകയോ; അല്ലെങ്കിൽ";

(സി) (ഡി) ഖണ്ഡത്തിന് ശേഷം, "അധികാരിതയുള്ള ഒരു കോടതി മുൻപാകെയുള്ള കുറ്റസ്ഥാപനത്തിന്മേൽ ഇപ്രകാരമുള്ള ഓരോ കുറ്റത്തിനും അഞ്ചുവർഷം വരെയാകാവുന്ന തടവുശിക്ഷയോ അമ്പതിനായിരം രൂപ വരെയാകാവുന്ന പിഴശിക്ഷയോ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടുന്നതാണ്" എന്ന വാക്കുകൾക്കു പകരം താഴെ പറയുന്ന വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്, അതായത്:—

"അധികാരിതയുള്ള ഒരു കോടതി മുമ്പാകെയുള്ള കുറ്റസ്ഥാപനത്തിന്മേൽ,—

(i) (എഎ) ഖണ്ഡത്തിൻ കീഴിലുള്ള ഒരു കുറ്റം ഒഴികെയുള്ള കുറ്റങ്ങൾക്ക്, അഞ്ചുവർഷം വരെയാകാവുന്ന കാലയളവിലേക്കുള്ള തടവോ അമ്പതിനായിരം രൂപ വരെയാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ;

(ii) (എഎ) ഖണ്ഡത്തിൻ കീഴിലുള്ള ഒരു കുറ്റത്തിന് ആറുമാസക്കാലം വരെയാകാവുന്ന തടവോ ഇരുപത്തിയയ്യായിരം രൂപയിൽ കുറയാത്ത പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ,

നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.".

5. 67എ വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ 67എ വകുപ്പിൽ, പട്ടികയിൽ,—

(i) (1)-ാം കോളത്തിൽ, "21" എന്ന അക്കങ്ങൾ വരുന്ന രണ്ട് സ്ഥലങ്ങളിലും "23" എന്ന അക്കങ്ങൾ പകരം ചേർക്കേണ്ടതാണ്;

(ii) (1), (2), (3) എന്നീ കോളങ്ങൾക്ക് കീഴിലെ നിലവിലുള്ള ഉൾക്കുറിപ്പുകൾക്ക് ശേഷം, യഥാക്രമം, താഴെപ്പറയുന്ന ഉൾക്കുറിപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"മദ്യത്തിനോടൊപ്പം സ്റ്റാർച്ച് കലർത്തുന്നത്. 57(എഎ) 25,000.".

6. റദ്ദാക്കലും ഒഴിവാക്കലും.— (1) 2018-ലെ അബ്കാരി (ഭേദഗതി) ഓർഡിനൻസ് (2018-ലെ 20) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

(ശരിത്തർജ്ജമ)

കെ. എ. ശ്രീലത,

*അഡീഷണൽ നിയമ സെക്രട്ടറി.*